# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 21**

---

## ത്രിദിന സെമിനാർ ഇന്നു മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൻറെ ആഭിമുഖ്യത്തിൽ റിസർച്ച് ഇൻ സ്പെഷ്യൽ എജ്യുക്കേഷൻ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന സെമിനാർ ഇന്ന് (ഫെബ്രുവരി 22) ആരംഭിക്കും. രാവിലെ പത്തിന് വകുപ്പ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സെമിനാർ ഉദ്ഘാടനം ചെയ്യും.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. എസ്. വിനോദ് കുമാർ അധ്യക്ഷത വഹിക്കും. ഡോ. എൻ. രാജീവ് കുമാർ മുഖ്യപ്രഭാഷണം നടത്തും കോയമ്പത്തൂർ ബി.കെ.എസ് കോളേജ് പ്രിൻസിപ്പൽ ഡോ. ശ്രീനിവാസൻ, ഡോ. ആനിയമ്മ മാത്യു, ഡോ കെ.എം. മുസ്തഫ, ഐഷ ഹനാൻ എന്നിവർ സംസാരിക്കും.

റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിക്കുന്നത്

(പി.ആർ.ഒ/39/177/2024)

## തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും;ശിൽപ്പശാല നാളെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച എക്സ്റ്റൻഷൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ശിൽപ്പശാല നാളെ(ഫെബ്രുവരി 23) പത്തനംതിട്ട ഗീതാഞ്ജലി ഓഡിറ്റോറിയത്തിൽ നടക്കും.

സംസ്ഥാന പ്ലാൻ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പനു കീഴിലുള്ള സോഷ്യൽ ഓഡിറ്റിൻറെ കാര്യക്ഷമത വിലയിരുത്തുന്ന പഠനത്തിൻറെ ഭാഗമാണ് സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി സഹകരിച്ച് നടത്തുന്ന ശിൽപ്പശാല.

പത്തനംതിട്ട ജില്ലയിലെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജില്ലയിലെ സോഷ്യൽ ഓഡിറ്റ് ടിം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ/39/178/2024)

## ടെക്നിക്കൽ അസിസ്റ്റൻറ്; താൽക്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ സ്കൂൾ സെൻററായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജി(എൻ.ഐ.പി.എസ്.ടി)യിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒബിസി വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

ബോട്ടണിയിലോ പ്ലാൻറ് സയൻസിലോ എം.എസ്.സി ബിരുദവും ലബോറട്ടറി, ഹെർബേറിയം മേഖലകളിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം.

പ്രതിമാസം സഞ്ചിത നിരക്കിൽ 20000 രൂപയാണ് വേതനം. പ്രായപരിധി 2024 ജനുവരി ഒന്നിന് 40 വയസ് കവിയരുത്.

താൽപര്യമുള്ളവർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ പത്തു ദിവസത്തിനകം ada7@mgu.ac.in എന്ന ഇ-മെയിലിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/179/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ രജിസ്ട്രേഷൻ പ്രോഗ്രാമുകളുടെ (സിബിസിഎസ് - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് മാർച്ച് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. മാർച്ച് നാലു വരെ ഫൈനോടു കൂടിയും മാർച്ച് അഞ്ചിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
.......................

ആറാം സെമസ്റ്റർ ബി.വോക്(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷകൾക്ക് മാർച്ച് ഒന്നു വരെ ഫീസ് അടച്ച്

അപേക്ഷ നൽകാം.
മാർച്ച് രണ്ടിന് ഫൈനോടു കൂടിയും മാർച്ച് നാലിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/180/2024)

## പരീക്ഷാ തീയതി

പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ, എം.എസ്.സി, എം.കോം(2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ് - ഡിസംബർ 2023) പരീക്ഷകളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് അഞ്ചിനും നാലാം സെമസ്റ്റർ പരീക്ഷകൾ ഏപ്രിൽ ഒന്നിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/181/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബിഎ മോഹിനിയാട്ടം (സിബിസിഎസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് അഞ്ച്, ആറ്, ഏഴ്, 11 തീയതികളിൽ തൃപ്പൂണിത്തുറ ആർഎൽവി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/182/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**